**വ്യക്തിത്വം**

പി.എം അബുൽ ജലാൽ മൗലവി

# ഹാജി വി.പി മുഹമ്മദലി സാഹിബ്

**പുതുമ** നിറഞ്ഞ ചരിത്രമാണ് ഹാജി സാഹിബിന്റേത്. അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ അറിയാൻ കഴിഞ്ഞ ഏടുകൾ മറിക്കുമ്പോൾ ആത്മാർഥതയിൽ നിന്നുയിരെടുത്ത ധീരതയുടെ അത്ഭുത കഥകളാണ് ഏറിയകൂറും ദൃശ്യമാവുക. ത്യാഗ സമ്പൂർണവും സംഭവബഹുലവുമായിരുന്നു ആ ധീരാത്മാവിന്റെ ജീവിതം.

### ബാല്യം

''ചെറുപ്പന്നേ അവന്റെ പ്രകൃതം ഒന്നു വേറെതന്നെയായിരുന്നു....'' ഹാജിസാഹിബിന്റെ ജ്യേഷ്ഠൻ കുഞ്ഞിപ്പോക്കർ ഹാജി കേൾക്കാൻ കൗതുകമുള്ള ആ ബാല്യകാലം അനുസ്മരിക്കുന്നത് അങ്ങനെയാണ്: "ചെറിയ കുട്ടിയായിരുന്നപ്പോൾ ഒഴിഞ്ഞിരുന്നു ചിന്തിച്ചുകൊണ്ടിരിക്കുക പതിവായിരുന്നു. എന്തുകേട്ടാലും അതുടനെ അതേപടി കാണാതെ പറയാൻ അവന് നല്ല കഴിവായിരുന്നു. മിക്കപ്പോഴും ഒറ്റതിരിഞ്ഞാണ് നടക്കുക. വലിയ വാശിയും ദേഷ്യവുമായിരുന്നു. മറ്റു കുട്ടികൾക്കിടയിൽ ചെന്നാൽ താനുദ്ദേശിക്കുന്നതു നടപ്പിലാക്കും. മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുകയല്ലാതെ തന്നിൽ ആരുടെ സ്വാധീനവും ഫലിക്കില്ല. സഹജമായ ഈ സവിശേഷതകളുടെ നല്ല വശങ്ങൾ ഹാജിസാഹിബിന്റെ ജീവിതത്തിൽ അവസാനം വരെ മികച്ചു നിൽക്കുന്നത് കാണാമായിരുന്നു.

"കുട്ടിയായിരുന്നപ്പോൾ ആരും നിർദേശിക്കാതെ തന്നെ ഖുർആനിൽനിന്ന് കുറെ സൂറഃകൾ ഹൃദിസ്ഥമാക്കി. നമസ്കാരത്തിൽ വലിയ താൽപര്യമായിരുന്നു. സമയമായാൽ പിതാവിനേക്കാൾ മുമ്പ് വുദുവെടുത്ത് നമസ്കാരത്തിന്നൊരുങ്ങി നിൽക്കും."

സ്വന്തം നാട്ടിലും വീട്ടിലും 'കുഞ്ഞാലൻ കുട്ടി' എന്ന പേരിലാണ് ഹാജിസാഹിബ് അറിയപ്പെട്ടിരുന്നത്. മതപരമായ ആചാരമുറകളിൽ പണ്ടുമുതൽക്കേ നിഷ്ഠയും ചിട്ടയുമുള്ള ഒരുന്നത കുടുംബത്തിൽ, വലിയ പറമ്പിൽ പോക്കാമുട്ടി ഹാജിയുടെ പുത്രനായി 1910-ൽ ഹാജിസാഹിബ് ഭൂജാതനായി. 3 സഹോദരന്മാരും 3 സഹോദരിമാരുമുണ്ട്. പ്രസിദ്ധ ഉഴിച്ചിൽ വിദഗ്ധരായ കാട്ടിപ്പരുത്തി ഗുരുക്കന്മാരുടെ വംശത്തിൽപെട്ട ചങ്ങമ്പള്ളി കുഞ്ഞാലൻകുട്ടി ഗുരുക്കളുടെ മകൾ ഫാത്വിമ ഉമ്മയാണ് മാതാവ്.

പിതാവ് ദൈവഭക്തനും ജനസമ്മതനുമായിരുന്നു. മക്കളെ മതവിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ വലിയ താൽപര്യമായിരുന്നു. 'ബാപ്പ എന്നോടും ജ്യേഷ്ഠനോടും സ്നേഹിതന്മാരെപ്പോലെയാണ് പെരുമാറിയിരുന്നത്; ഫിഖ്ഹ്പരമായ 'മസ്അലകൾ' ഞങ്ങളോടൊപ്പം കൂടിയിരുന്ന് ചർച്ച ചെയ്യാറുണ്ടായിരുന്നു' എന്ന് ഒരിക്കൽ ഹാജി സാഹിബ് പറഞ്ഞത് ഈ ലേഖകൻ കേട്ടിട്ടുണ്ട്.

### വിദ്യാഭ്യാസം

അസൂയാർഹമായ വൈജ്ഞാനിക യോഗ്യതനേടി ഹാജിസാഹിബ്. അദ്ദേഹത്തെ കണ്ടും കേട്ടും പരിചയിച്ചവർക്കതറിയാം. ആധുനിക സാമൂഹികശാസ്ത്രങ്ങളുടെ മർമജ്ഞനായിരുന്നു അദ്ദേഹം. സാമ്പത്തികവും രാഷ്ട്രീയവും തത്വശാസ്ത്രപരവുമായ പ്രശ്നങ്ങളിൽ പ്രത്യേകവിധിയും വീക്ഷണവുമുണ്ടായിരുന്നു. അതിഗഹനങ്ങളായ പ്രശ്നങ്ങളെക്കുറിച്ച് നന്നായെഴുതുകയും വാചാലമായി പ്രസംഗിക്കുകയും ചെയ്യുമായിരുന്ന ആ പണ്ഡിത കേസരി കോളേജിലോ ഹൈസ്കൂളിലോ പഠിച്ചിട്ടില്ലെന്ന് കേൾക്കുമ്പോൾ പലർക്കും ആശ്ചര്യം തോന്നിയേക്കാം. സ്വദേശമായ എടയൂർ ഗ്രാമത്തിലുള്ള പ്രാഥമിക സ്കൂളിൽ നാലാംക്ലാസുവരെ മാത്രമേ അദ്ദേഹം പഠിച്ചിട്ടുള്ളൂ. അതിനപ്പുറമുള്ള കഴിവുകളെല്ലാം അദ്ദേഹത്തിന്റെ സ്വതസിദ്ധമായ വിജ്ഞാനതൃഷ്ണയുടെയും ബുദ്ധിസാമർഥ്യത്തിന്റെയും ഫലമായിരുന്നു.

മകനെ മതവിദ്യാഭ്യാസം ചെയ്യിക്കുന്നതിലാണ് പിതാവ് ശ്രദ്ധിച്ചത്. നന്നെ ചെറുപ്പത്തിൽതന്നെ 'കിതാബ് ഓതുവാൻ' വേണ്ടി ദൂരദിക്കുകളിലേക്കയച്ചു. അങ്ങനെ പള്ളിദർസുകളിൽ പഠിപ്പിച്ചുവരുന്ന പ്രധാന കിതാബുകളെല്ലാം ഹാജിസാഹിബ് വ്യവസ്ഥാപിതമായി ഓതിപ്പഠിച്ചു. മണ്ണാർക്കാട് നടന്നുകൊണ്ടിരുന്ന പ്രസിദ്ധ പള്ളിദർസിൽ ഹാജിസാഹിബ് പഠിച്ചിട്ടുണ്ട്. അതുപോലെ മഞ്ചേരിയിലും. മഞ്ചേരിയിൽ പഠിക്കാൻ ചേർന്നത് പതിനാറാമത്തെ വയസ്സിലായിരുന്നു. അസാധാരണമായ ബുദ്ധിശക്തിയുള്ളതിനാൽ കിതാബുകൾ അതിവേഗം പഠിച്ചു തീർത്തിരുന്നുവെന്ന് ഹാജിസാഹിബിന്റെ അക്കാലത്തെ സുഹൃത്തുക്കൾ പറയുന്നു.

### ആദ്യത്തെ ഹജ്ജ്‌യാത്ര

സ്മര്യപുരുഷൻ മൂന്നു പ്രാവശ്യം പരിശുദ്ധ ഹജ്ജ് കർമം നിർവഹിച്ചിട്ടുണ്ട്. മൂന്നാമത്തെ ഹജ്ജ് 1955-ലായിരുന്നു. എന്നാൽ 'ഹാജിസാഹിബ്' എന്ന പേരിലറിയപ്പെടാൻ കാരണമായ ഹജ്ജ് അദ്ദേഹത്തിന്റെ 18-ാമത്തെ വയസ്സിലായിരുന്നു. മഞ്ചേരിയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്താണ് ഹജ്ജ് ചെയ്യാനാഗ്രഹിച്ചത്. ക്ലേശങ്ങളും യാതനകളും നിറഞ്ഞതായിരുന്നു ആ നീണ്ട യാത്ര.

ദൈവഭക്തിയിലും ആത്മീയചിന്തയിലും മുഴുകിയിരുന്ന ആ യുവാവിന്റെ തഖ്‌വയുടെ ആഴവും പരപ്പും ചുട്ടുപൊള്ളുന്ന മണൽകരയിലൂടെ അതിശീഘ്രം ചലിച്ചുകൊണ്ടിരുന്ന ചവിട്ടടികൾ കൊണ്ടാണളക്കേണ്ടത്! ഹാജിസാഹിബ് ഇമാം ഗസ്സാലിയുടെ *ഇഹ്‌യാ ഉലൂമിദ്ദീൻ* എന്ന പ്രസിദ്ധഗ്രന്ഥം മഞ്ചേരി പള്ളിദർസിൽ നിന്നോതുകയായിരുന്നു. അതദ്ദേഹത്തെ ഗാഢാദാകർഷിച്ചു. *ഇഹ്‌യാ* കൈയിൽനിന്നു വെക്കാതെയായി. ആത്മീയമായി കൂടുതൽ വളരാൻ ആ വിശിഷ്ട ഗ്രന്ഥം അദ്ദേഹത്തെ സഹായിച്ചു. ഇബാദത്തുകളധികരിപ്പിക്കുന്നതിലായി ശ്രദ്ധ. ചിന്ത മുഴുവൻ ദൈവസ്മരണയിൽ മുഴുകി. തുടർന്ന് പരിശുദ്ധ ഹജ്ജ് നിർവഹിക്കണമെന്നായി ആഗ്രഹം. ഉൽക്കടമായ ഈ അഭിലാഷം അദ്ദേഹത്തെ സ്വാധീനിച്ചു. എന്തുവന്നാലും അല്ലാഹുവിന്റെ പരിശുദ്ധ മന്ദിരത്തിലെത്തിയേ നിൽക്കൂ എന്നു തീരുമാനിച്ചു. ഒരു സുപ്രഭാതത്തിൽ *ഇഹ്‌യാ ഉലൂമിദ്ദീൻ* കൈയിലെടുത്ത് ഇറങ്ങി നടന്നു. പരിശുദ്ധ കഅ്ബയെ മനസ്സിൽ കണ്ട് കാലടികൾ മുന്നോട്ടുവച്ചു. ഓരോ ചവിട്ടടിയും ദൈവമന്ദിരത്തിന്റെ പടിവാതിൽക്കലേക്ക് തന്നെ അടുപ്പിക്കുന്നതായി ഹാജിസാഹിബിന് തോന്നി. ഹജ്ജ് നിർവഹിച്ച ശേഷം ഹറമിൽ പഠിച്ചു താമസിക്കണമെന്നും ഉദ്ദേശ്യമുണ്ടായിരുന്നു.

ഹജ്ജ്‌യാത്ര പരലോകയാത്രയുടെ അടുത്ത പടിയായി ഗണിച്ചിരുന്ന കാലം. യാത്രാസൗകര്യങ്ങൾ പരിമിതം. ഉപകരണ സാമഗ്രികളൊന്നുമില്ല. ഇങ്ങനെയുള്ള യാത്രക്ക് മാതാപിതാക്കളോടു സമ്മതം ചോദിച്ചാൽ അനുമതി ലഭിക്കില്ല. പഠിക്കാൻ വേണ്ടി എവിടെ വേണമെങ്കിലും പോയ്ക്കൊള്ളാൻ പിതാവ് അനുവദിച്ചിരുന്നു. ഈ പൊതുസമ്മതത്തിന്റെ പഴുതിലൂടെ കടന്നുകളയാൻ തീരുമാനിച്ചു. യാത്രാമധ്യേ ജോലിചെയ്തു കാശുണ്ടാക്കി. വണ്ടി കയറിയും ഇടക്കിടെ നടന്നും വിശ്രമിച്ചും ഒരുവിധം ബോംബെയിലെത്തി. മാസങ്ങൾ കഴിഞ്ഞിട്ടും മകന്റെ വിവരങ്ങളൊന്നും അറിയാതെ ഉൽക്കണ്ഠയോടെ കാത്തിരിക്കുമ്പോഴാണ് 'കുഞ്ഞാലൻകുട്ടി മഞ്ചേരിയിൽനിന്നും പോയിരിക്കുന്നുവത്രെ' എന്ന് ആരോ പിതാവിനോട് പറഞ്ഞത്. അവൻ എവിടെയാണെങ്കിലും അന്വേഷിച്ചു പിടിച്ചു കൊണ്ടുവരണമെന്നു കൽപിച്ച് മൂത്തമകൻ കുഞ്ഞിപ്പോക്കർ ഹാജിയെ അയച്ചു. കുഞ്ഞിപ്പോക്കർ ഹാജി മഞ്ചേരിയിൽ ചെന്നപ്പോൾ കേട്ടത് 'കുഞ്ഞാലൻകുട്ടി ഹജ്ജിന് പോയിരിക്കുന്നു'വെന്നാണ്. അനുജനെ കാണാത്ത ബേജാറിൽ അദ്ദേഹവും ബോംബെയിലെത്തി. അദ്ദേഹം കുറെ ദിവസം അന്വേഷിച്ചു കറങ്ങി. അവസാനം ഒരു പള്ളിയിലെ ഇമാമുമായി കണ്ടുമുട്ടിയപ്പോൾ അദ്ദേഹം പറഞ്ഞു: "നിങ്ങളന്വേഷിക്കുന്ന ആളെക്കുറിച്ചു എന്നോടല്ലേ ചോദിക്കേണ്ടത്. അയാളെന്റെ കൂടെ താമസിച്ചിരുന്നു. കുറച്ചു ദിവസങ്ങൾക്കു മുമ്പ് മക്കത്തേക്കു പുറപ്പെട്ടു. 'ബഗല' കയറിപ്പോയി. ഒരു കിതാബ് എന്റെ പക്കൽ ഏൽപിച്ചിട്ടുണ്ട്. കിതാബ് വാങ്ങി മറിച്ചു നോക്കിയപ്പോൾ അനുജന്റെ കിതാബ്. അയാൾ പറഞ്ഞത് ജ്യേഷ്ഠന് ബോധ്യമായി.

കുഞ്ഞിപ്പോക്കർ ഹാജി അനുജൻ മടങ്ങിയെത്തുന്നത് പ്രതീക്ഷിച്ച് ബോംബെയിൽ താമസമാക്കി. കാത്തിരുന്നു, കാത്തിരുന്നു രണ്ടു വർഷത്തോളം അവിടെ കഴിച്ചുകൂട്ടേണ്ടിവന്നു. ഇന്നത്തെപ്പോലെ തപാൽസൗകര്യങ്ങളൊന്നുമില്ലല്ലോ അന്ന്. രണ്ടു വർഷങ്ങൾക്കു ശേഷം ബോംബെയിൽ തിരിച്ചെത്തിയ 'ഹാജി സാഹിബ്' ആ വീരസാഹസിക യാത്ര ജ്യേഷ്ഠന് വിവരിച്ചു കൊടുത്തതിങ്ങനെയാണ്: "ഞാൻ 'ബഗല' കയറി 'ശഹ്റ് മുഖല്ലാ'യിൽ ഇറങ്ങി. പിന്നെ, ചുട്ടുപഴുത്ത മണൽക്കരയിലൂടെ നെടുനീളം നടന്നു. നടന്നു നടന്ന് ക്ഷീണിച്ചു തളർന്നുവീണു. വീണ്ടും എഴുന്നേറ്റു നടന്നു. അങ്ങനെ, നീണ്ട മൂന്നുമാസക്കാലം മരുഭൂമിയുമായി പോരടിച്ചു. പോരാട്ടത്തിൽ ഞാൻ പരാജയപ്പെടുമെന്നു തോന്നി. ദാഹം കഠിനമായി. മരണം മുമ്പിൽ വന്നുനിന്നു. മണലിൽ മലർന്നു കിടന്നു കലിമത്തുശ്ശഹാദത്ത് ചൊല്ലി. കുറച്ചു കഴിഞ്ഞപ്പോൾ ബോധം തെളിഞ്ഞു. വീണ്ടും എഴുന്നേറ്റു നടന്നു. നടത്തത്തിന്റെ നീളത്തിൽ സ്വദേഹം പോലും ഘനമായിത്തീർന്നു. മണൽക്കരയിൽ അനിവാര്യമായ കുടയും പാദരക്ഷയും ഭാരം തോന്നി വലിച്ചെറിഞ്ഞു. അല്ലാഹുവിലുള്ള വിശ്വാസവും 'തവക്കുലു'മല്ലാതെ പറയത്തക്ക പാഥേയമൊന്നുമുണ്ടായിരുന്നില്ല. അത്യുഗ്രമായ ഉഷ്ണമേറ്റതു കാരണം മൂത്രിച്ചാൽ ഒരു തുള്ളി മൂത്രവും പുറത്തുപോവാതെയായി, ഹറമിന്നടുത്തെത്തിയപ്പോൾ എനിക്കുണ്ടായ ആഹ്ലാദം വർണനാതീതമാണ്."

ഹജ്ജും, സിയാറത്തുമെല്ലാം നിർവഹിച്ചശേഷം ഹറമിൽതന്നെ താമസമാക്കി ഉന്നതപണ്ഡിതന്മാരുടെ ശിഷ്യത്വം സ്വീകരിച്ചു ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ, വിശിഷ്യാ ഹദീസിൽ വ്യുൽപത്തി നേടി.

പ്രസ്തുത യാത്രാവിവരണം കേട്ടപ്പോൾ ജ്യേഷ്ഠന്റെ വായിൽനിന്നു വീണതെന്താണെന്നോ? "നിന്നെപ്പോലെ ഞാനും ഹജ്ജ് ചെയ്തേ നാട്ടിലേക്ക് മടങ്ങൂ;

നീ നാട്ടിലേക്ക് പോയ്ക്കൊള്ളുക; ഞാൻ മക്കത്തേക്കു പോകുകയാണ്; പടച്ചതമ്പുരാൻ കൃപചെയ്തു മടങ്ങി വന്നാൽ കാണാം.'' മതനിഷ്ഠയു ടെയും ദൈവഭക്തിയുടെയും അന്ത രീക്ഷത്തിൽ ജനിച്ചുവളർന്ന ആ സഹോദരന്മാർക്ക് ദീൻ കാര്യത്തിൽ ക്ലേശം വരിക്കുന്നത് ആനന്ദമായിരു ന്നു.

**പരിഷ്കർത്താവ്**

രണ്ടുവർഷത്തെ മക്കാ ജീവിത ത്തിനു ശേഷം ഹാജിസാഹിബ് നാട്ടിൽ തിരിച്ചെത്തിയത് ഒരു സമു ദായ പരിഷ്കർത്താവിന്റെ മനോ ധൈര്യത്തോടുകൂടിയാണ്. സമുദായ പരിഷ്കർത്താക്കളും മഹാപണ്ഡിത ന്മാരുമായ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ, ഇബ്നുൽ ഖയ്യിം, മുഹമ്മദുബ്നു അബ്ദിൽ വഹാബ് (റ) മുതലായവരുടെ വിജ്ഞാന സമ്പുഷ്ടവും വികാരോജ്ജ്വലവുമായ കൃതികൾ ഹാജിസാഹിബിലെ വിപ്ല വകാരിയെ പ്രക്ഷുബ്ധനാക്കി. മതപ രമായ ആചാരവിശ്വാസങ്ങളുമായി ബഹുഭൂരിപക്ഷം മുസ്‌ലിംകളും അന്ധതയിൽ തപ്പിത്തടയുന്ന കാഴ്ച അദ്ദേഹത്തെ അസ്വസ്ഥനാക്കി. സമു ദായത്തിൽനിന്ന് അന്ധവിശ്വാസ ങ്ങളും അനാചാരങ്ങളും നിർമാർജനം ചെയ്യാനും, യഥാർഥ വിശ്വാസാചാരങ്ങളിലേക്ക് സമുദാ യത്തെ തിരിച്ചു കൊണ്ടുവരാനും വേണ്ടി ആ യുവവിപ്ലവകാരി അരയും തലയും മുറുക്കി. പൊതുജ നത്തിന്റെ അജ്ഞതയെ കൈമുത ലായും വലിയൊരാശ്വാസമായും കരുതിപ്പോരുന്ന ചില 'മതപണ്ഡിത' ന്മാരുടെ കൃത്രിമ നിലപാടിനെ ഒരു വേള തകർത്തേ നിൽക്കൂ എന്നായി. ശിർക്കുപരമായ വിശ്വാസങ്ങളെയും, തിരുസുന്നത്തിന്നെതിരായ ആചാര ങ്ങളെയും വിമർശിച്ച് ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. പാമരജനങ്ങളെ കബളിപ്പിച്ച് കാര്യം നേടാനുദ്ദേശിക്കുന്ന പണ്ഡിത ന്മാർക്ക് ഹാജി സാഹിബ് ഒരു പേടി സ്വപ്നമായിരുന്നു.

പൂർവികാചാരങ്ങളെയും മാമൂ ലുകളെയും വിമർശിച്ചു നടക്കുന്ന 'കുഞ്ഞാലൻകുട്ടി ഹാജി'യെക്കു റിച്ചു നാട്ടിലെങ്ങും സംസാരമായി. അദ്ദേഹത്തിന്റെ പ്രസംഗമുണ്ടെന്ന് കേട്ടാൽ മതി ജനം തടിച്ചുകൂടുകയാ യി. എന്നാൽ, 'ഭയങ്കരനും ഭീകരനു' മായ ഈ പ്രസംഗകനെ കാണാൻ ജിജ്ഞാസയോടെ പ്രസംഗപീഠത്തി ലേക്ക് നോക്കുമ്പോൾ ഒരു മുതിർന്ന വിദ്യാർഥിയുടെ വലുപ്പം മാത്രമുള്ള ചെറു യുവാവിനെയാണ് കാണുക.

**വീണ്ടും വിദ്യാർഥി**

വിദ്യാതൽപരനായ ഹാജിസാ ഹിബിന് വീണ്ടും പഠിക്കണമെ ന്നായി ആഗ്രഹം. ചില പ്രധാന കിതാബുകൾ പിന്നെയും പള്ളി ദർസുകളിൽനിന്ന് പഠിച്ചു. തുടർന്ന് ഉമറാബാദ് ദാറുസ്സലാം അറബിക്കോ ളേജിലും വേലൂർ ബാഖിയാത്തുസ്സാ ലിഹാത്ത് അറബിക്കോളേജിലും ചേർന്നു പഠിച്ചു. തുടർന്നു അഫ്ദ ലുൽ ഉലമാ പരീക്ഷയെഴുതി വിജയി ച്ചു.

**പുതിയ വെളിച്ചം**

വേലൂർ വിട്ടശേഷം പഴയങ്ങാടി യിലൊരു മദ്റസയിൽ അധ്യാപനം നടത്തി കുറച്ചുകാലം കഴിച്ചുകൂട്ടി. ഹദീസ് നിഷേധിയായ പഴയങ്ങാടി ക്കാരൻ കുഞ്ഞഹമ്മദാജി, മുഹമ്മ ദലി സാഹിബിന്റെ മുമ്പിലെത്തി യാൽ എല്ലാ തലതിരിഞ്ഞ വാദ ങ്ങളും നിർത്തിവെച്ച് മര്യാദയിൽ സംസാരിക്കുമായിരുന്നുവത്രെ! മൗലാനാ മൗദൂദി തന്റെ വിഖ്യാത മായ *തർജുമാനുൽ ഖുർആൻ* എന്ന ഉർദു മാസികയിലൂടെ ഭാരതമുസ്‌ലിം കൾക്കിടയിൽ ഒരിസ്‌ലാമിക നവോ ഥാനപ്രസ്ഥാനത്തിന്റെ കാഹളം മുഴ ക്കിക്കൊണ്ടിരിക്കുന്ന കാലമായി രുന്നു അത്. ഹാജിസാഹിബിന് ഉർദു ഭാഷ നല്ലപോലെ അറിയാമായിരു ന്നു. അതുകാരണം, അകലെനിന്ന് മിന്നുന്ന ആ വെളിച്ചം ദർശിക്കാൻ കഴിഞ്ഞു. മൗലാനാ മൗദൂദി, മുസ്‌ലിംകൾക്കിടയിൽ അന്നുണ്ടായി രുന്ന അനാസ്ഥയും അധഃസ്ഥി തിയും വിവരിച്ചുകൊണ്ടും മതത്തി ന്റെയും രാഷ്ട്രീയത്തിന്റെയും പേരി ലുള്ള നിരർഥകമായ സംഘടനക ളെയും പ്രവർത്തനപരിപാടിക ളെയും നിരൂപണം ചെയ്തു കൊണ്ടും ഒരു ലേഖന പരമ്പര *തർജുമാനിൽ* എഴുതിക്കൊണ്ടിരു ന്നു. ഹാജി സാഹിബ് അത് ശ്രദ്ധാ പൂർവം വായിച്ചുപോന്നു. ലേഖനപര മ്പരക്കനുസൃതമായി ഹാജിസാഹി ബിന്റെ ചിന്താഗതിയും പുരോഗമിച്ചു കൊണ്ടിരുന്നു. സംഹാരാത്മകമായ ആ നിരൂപണചർച്ചകളെ തുടർന്ന് *ഏക് സാലിഹ് ജമാഅത്ത് കീ സറൂറത്ത്* എന്ന ശീർഷകത്തിൽ മൗലാനാ മൗദൂദി ഒരു ലേഖനമെഴു തി. അതിൽ, സമ്പൂർണ ജീവിതപദ്ധ തിയായ ഇസ്‌ലാമിന്റെ സമുദ്ധാരണ ത്തിന്നുപയുക്തമായൊരു സംഘടന യുടെ രൂപരേഖ വരച്ചു കാട്ടുകയും തൽസ്ഥാപനാർഥം പ്രതിജ്ഞാബദ്ധ രായി മുന്നോട്ടുവരാൻ ഇസ്‌ലാം സ്നേഹികളോടഭ്യർഥിക്കുകയും ചെയ്തു. ഹാജിസാഹിബ് അതു വായിച്ചു കഴിഞ്ഞത് 'ലബ്ബൈക്! ലബ്ബൈക്' എന്നു പറഞ്ഞുകൊണ്ടാ ണ്. അധികംതാമസിയാതെ ജമാ അത്തെ ഇസ്‌ലാമി രൂപീകൃതമായി. എഴുത്തുമുഖേന ഹാജിസാഹിബ് അതിൽ അംഗമായി ചേർന്നു. അത് 1941-ലായിരുന്നു.

**ദാറുൽ ഇസ്‌ലാമിലേക്ക്**

മൗലാനാ മൗദൂദിയുമായി എഴു ത്തുകുത്തുകൾ തുടർന്നു കൊണ്ടിരു ന്നു. മൗദൂദിയുടെ പല പ്രധാനകൃതി കളും വായിച്ചുതീർത്തു. ഇസ്‌ലാ മിന്റെ സമഗ്രതയും പ്രായോഗിക തയും പൂർവാധികം തെളിഞ്ഞുകാ ണാൻ സാധിച്ചു. ആധുനികമായ സങ്കീർണപ്രശ്നങ്ങളിൽ ഇസ്‌ലാ മിന്റെ വിധിയും വീക്ഷണവും സയു ക്തികം ലോകസമക്ഷം സമർപ്പി ക്കുന്ന മൗദൂദിയുടെ ശിഷ്യത്വം സ്വീകരിച്ച് ഇസ്‌ലാമികപ്രസ്ഥാ നത്തെ സംബന്ധിച്ച് കൂടുതൽ പഠി ക്കണമെന്നായി പിന്നീട് ഹാജിസാ

ഹിബിന്റെ ആഗ്രഹം. ഹാജിസാഹിബ് അക്കാലത്തുതന്നെ നല്ലൊരു പണ്ഡിതനും പ്രസംഗകനുമായിരുന്നു. പക്ഷേ, ഇസ്‌ലാമിന്റെ പ്രബോധനപരമായ വശങ്ങളിൽ പരിചയവും സാമൂഹിക വിജ്ഞാനങ്ങളിൽ അവഗാഹവും നേടാനുള്ള അഭിലാഷം ഉൽക്കടമായി. മൗദൂദി സാഹിബ് പഠാൻകോട്ട് ദാറുൽഇസ്‌ലാം കേന്ദ്രമാക്കി ഇസ്‌ലാമിക മിഷന്റെ ബഹുമുഖങ്ങളായ പരിപാടികളാസൂത്രണം ചെയ്തു പ്രവർത്തനമാരംഭിച്ചുകഴിഞ്ഞിരുന്നു. ഹാജിസാഹിബ് പഠാൻകോട്ടിലേക്ക് യാത്രയായി.

സ്വാശ്രയസ്വഭാവത്തിൽ മുന്നിട്ടുനിൽക്കുന്ന ഒരു ദേഹമായിരുന്നു സ്മര്യപുരുഷൻ. മതാപിതാക്കളോടു പോലും സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി ഒന്നും ചോദിക്കാറില്ല. പേരിന് ഒരു അധ്യാപകജോലിയുണ്ട്. ഒന്നും മിച്ചമില്ല. പിന്നെങ്ങനെയാണ് പഠാൻകോട്ട് എത്തിയതെന്നു ചോദിച്ചാൽ, മുമ്പ് 'മഞ്ചേരിയിൽനിന്ന് മക്കയിലെത്തിയതെങ്ങനെ' എന്നതാണ് മറുപടി.

ഉടുത്ത വസ്ത്രവും, കൈയിലൊരു സഞ്ചിയുമായി ആ മുസാഫിർ നടന്നു. നീണ്ട് തബ്‌ലീഗ് യാത്രയായിരുന്നു. പോകുന്ന പോക്കിൽ മണ്ണാർക്കാട് ജുമുഅത്തു പള്ളിയിലും അവിടെനിന്ന് എട്ടുനാഴിക കിഴക്കുള്ള കരിമ്പ ജുമുഅത്ത് പള്ളിയിലും ഓരോ ദിവസം തങ്ങുകയും ഈ 'പുത്തൻ പ്രസ്ഥാന'ത്തെ അവിടുത്തെ പഴയ സുഹൃത്തുക്കൾക്ക് പരിചയപ്പെടുത്താൻ ശ്രമിക്കുകയും ചെയ്ത കഥ ഈ ലേഖകനോട് ആ പ്രദേശത്തുകാരിൽ ചിലർ പറയുകയുണ്ടായി. യാത്രയിൽ ജോലി ചെയ്തു മിച്ചമുണ്ടാക്കി, ചില്ലറ കച്ചവടങ്ങൾ ചെയ്ത് ലാഭം നേടി വണ്ടി കയറുകയും ഇടക്കിടെ ബഹുദൂരം പദയാത്ര നടത്തുകയും ചെയ്തു. എനിക്കൊരിക്കൽ വിവരിച്ചുതന്ന ഒരു സംഭവം ഇവിടെ പറയാം: ഹാജിസാഹിബ് പറഞ്ഞു: "വടക്കെ ഇന്ത്യയിലൊരു പട്ടണത്തിൽ (പേര് മറന്നു പോയി) ഒരു ഫാക്ടറിയിൽ ഞാൻ ജോലി ചെയ്യുകയായിരുന്നു. കഠിനാധ്വാനം മൂലം ക്ഷീണിച്ചു. ക്ഷീണം പനിയായി മാറി. ഇരുപത്തൊന്ന് ദിവസത്തെ, തൊട്ടാൽ പൊള്ളുന്ന പനി. ശരീരം ക്ഷയിച്ചു എല്ലും തൊലിയും മാത്രമായി. മുടിയെല്ലാം കൊഴിഞ്ഞു പോയി. എനിക്ക് സന്താനം ജനിക്കാതിരിക്കാൻ കാരണം ശരീരഘടനയിൽ ആ പനി വരുത്തിവെച്ച തകരാറുകളാണോ എന്നു ഞാൻ സംശയിക്കുന്നു."

**മൗദൂദിയുടെ കൂടെ**

രോഗം സുഖമായി. ക്ഷീണം ബാക്കിയുണ്ട്. അപ്പോഴാണ് അടുത്തൊരു പ്രദേശത്ത് മൗലാനാ മൗദൂദി വന്നിട്ടുണ്ടെന്നറിഞ്ഞത്. മൗലാനാ കുടുംബസഹിതം അവിടെയൊരു വീട്ടിൽ ക്യാമ്പു ചെയ്തിരിക്കയാണ്. അന്വേഷിച്ചറിഞ്ഞ് വീട്ടിൽ കയറിച്ചെന്നു. "എവിടെ നിന്നാണ്?" മൗലാനാ ചോദിച്ചു "മലബാർ സേ" (മലബാറിൽനിന്ന്). "ഇസ്മ് ശരീഫ്?" (പേര്) "മുഹമ്മദലി" – ഹാജിസാഹിബ് പറയുകയാണ്: "ഞാൻ മുഹമ്മദലി എന്നു പറഞ്ഞു തീർന്നപ്പോഴേക്കും മൗലാനാ മൗദൂദി എന്നെ കെട്ടിപ്പുണർന്നു. മൗലാനയുടെ നേത്രങ്ങളിൽനിന്നു സന്തോഷബാഷ്പം ഇറ്റിവീഴുന്നത് ഞാൻ കണ്ടു. പിന്നെയെങ്ങനെയെല്ലാമാണ് എന്നെ ആദരിക്കുകയും സൽക്കരിക്കുകയും ചെയ്തതെന്ന് പറയുക വയ്യ."

അവിടെനിന്നു മൗലാനയുടെ കൂടെ പഠാൻകോട്ട് ദാറുൽ ഇസ്‌ലാമിലേക്ക് പോയി. അതൊരു ദാറുൽ ഇസ്‌ലാം തന്നെയായിരുന്നു. പള്ളി, ദർസ്ഗാഹ്, ഓഫീസ്, പ്രസിദ്ധീകരണാലയം, പോസ്റ്റോഫീസ്, ലൈബ്രറി തുടങ്ങിയ എല്ലാം അവിടെയുണ്ട്. എല്ലാം നിയന്ത്രിക്കുന്നത് ജമാഅത്തുകാരാണ്. വിസ്തൃതമായ പ്രദേശം. അനേകം ഏക്കർ വിശാലമായ മൈതാനം. നാനാ ഭാഷക്കാരും വേഷക്കാരുമായ ജമാഅത്ത് ബന്ധുക്കൾ അധിവസിക്കുന്നു. ചിലർ കുടുംബസഹിതമാണ് താമസം. എല്ലാം മൗദൂദിയുടെ ഭരണത്തിൻ കീഴിലാണ്. ഹാജിസാഹിബ് ഈ ഇസ്‌ലാമിക കേന്ദ്രത്തിൽ രണ്ടു കൊല്ലം താമസിച്ചു. മൗലാനാ മൗദൂദിയുടെ പക്കൽനിന്നും ഒട്ടേറെ വിജ്ഞാന സമ്പത്ത് കരസ്ഥമാക്കി. പ്രബോധന പ്രവർത്തന പരിചയം നേടി.

ജമാഅത്തെ ഇസ്‌ലാമി മദ്രാസ് ശാഖയുടെ അമീറായിരുന്ന ശൈഖ് അബ്ദുല്ലാ സാഹിബ് അക്കാലത്ത് ദാറുൽ ഇസ്‌ലാമിൽ ഉണ്ടായിരുന്നു. ശൈഖ് സാഹിബും ഹാജി സാഹിബും ഉറ്റമിത്രങ്ങളാണ്. ഉമറാബാദിലൊരുമിച്ചാണ് പഠിച്ചിരുന്നത്. ശൈഖ് സാഹിബൊരിക്കൽ മൗലാനാ മൗദൂദി കേൾക്കെ 'ഹാജി സാഹിബ്' എന്നു വിളിച്ചു. "അങ്ങനെ വിളിക്കുന്നതെന്ത്?" മൗലാനാ അന്വേഷിച്ചു. "ഇദ്ദേഹം ഹജ്ജ് ചെയ്തിട്ടുണ്ട്. 'ഹാജി സാഹിബ്' എന്നു ഞങ്ങൾ സ്നേഹത്തിൽ വിളിക്കാറുണ്ട്" – ശൈഖ് സാഹിബ് പറഞ്ഞു. അപ്പോൾ മൗലാനാ ചിരിച്ചുകൊണ്ട് പറഞ്ഞു. "എന്നാലത് ആദ്യമേ പറയരുതോ?" ശേഷം മൗദൂദിയും ഇടക്കിടെ 'ഹാജി സാഹിബ്' എന്നു വിളിക്കാറുണ്ടായിരുന്നുവത്രെ.

1943-ൽ ഹാജി സാഹിബ് കേരളത്തിൽ തിരിച്ചുവന്ന് ജമാഅത്ത് പ്രവർത്തനങ്ങൾക്ക് തറക്കല്ലിട്ടു. അത് മുതലാണ് ആ മഹാവ്യക്തിത്വത്തിന്റെ അതിശോഭനവും സുപ്രധാനവുമായ ഘട്ടം സമാരംഭിക്കുന്നത്.

ഇന്ന് ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ പരക്കെ അറിയപ്പെട്ടു കഴിഞ്ഞിരിക്കുന്നു. സമുദായത്തിലെ നന്മയുടെ അംശം വലിച്ചെടുത്ത് നാൾക്കുനാൾ വളർന്നുവരുന്ന, സുവ്യവസ്ഥിതവും സുഭദ്രവുമായ ഈ സംഘടനയിന്നു നാട്ടിന്റെ ഗതിയും സ്ഥിതിയും ഇസ്‌ലാമിന്നനുകൂലമാക്കിമാറ്റാൻ ത്വരിതപ്രയത്നം ചെയ്തുവരികയാണ്. എന്നാൽ, ഇസ്‌ലാമിന്റെ പേരിൽ മുന്നേറുന്ന

ഈ സൃഷ്ടിപരമായ പ്രവർത്തന പരിപാടികൾക്കിവിടെ അടിത്തറ പാകിയതാരാണ്? പാവനവും മോഹനവുമായ ഈ ധാർമിക പ്രസ്ഥാനത്തെ കേരളത്തിന്റെ പശിമയുള്ള മണ്ണിൽ നട്ടുപിടിപ്പിച്ചതാരാണ്? ഒരേയൊരു മറുപടി മാത്രമേ ഇതിന്നുള്ളൂ: പരേതനായ വി.പി മുഹമ്മദലി സാഹിബ്. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആ മുന്നണിപ്പോരാളിയുടെ അധ്വാനവും വിയർപ്പും കുറച്ചൊന്നുമല്ല ഈ പ്രസ്ഥാനത്തിന്നുപകരിച്ചിട്ടുള്ളത്.

ദശവത്സരങ്ങൾക്കു മുമ്പ് കേരളത്തിൽ ഈ പ്രസ്ഥാനത്തിന്റെ സ്ഥിതി എന്തായിരുന്നു? അന്നിതിന്റെ പേരിൽ എഴുതാനും പ്രസംഗിക്കാനും പര്യടനം നടത്താനും പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് അഭിമുഖ സംഭാഷണങ്ങൾ നടത്താനുമൊക്കെ ആരാണുണ്ടായിരുന്നത്? ഹാജിസാഹിബ് മാത്രം. തദാവശ്യാർഥം, അചഞ്ചലമായ നിശ്ചയദാർഢ്യത്തോടും ആത്മവിശ്വാസത്തോടുംകൂടി അദ്ദേഹം അവിശ്രമം പരിശ്രമിച്ചു പോന്നു.

ഇസ്‌ലാം ഒരു മതമെന്നതിൽ കവിഞ്ഞ് ഒരു സാമൂഹിക വ്യവസ്ഥിതി കൂടിയാണെന്നു പറഞ്ഞാൽ വലിയ വലിയ പണ്ഡിതന്മാർ പോലും വിറളിപിടിക്കുന്ന ചുറ്റുപാട്. ഇസ്‌ലാമിനെക്കുറിച്ച് നാനാവിധ സംശയാശങ്കകളും തെറ്റുധാരണകളും അവ്യക്തതകളും പടർന്നുപിടിച്ച കാലം. സമുദായമാകട്ടെ, അജ്ഞതയിലും അന്ധതയിലും ആണ്ടു കിടക്കുന്നു. ആ പരിതഃസ്ഥിതിയിൽ മുൾപടർപ്പുകളെ വെട്ടിത്തെളിയിച്ച് ജമാഅത്തെ ഇസ്‌ലാമിയെപ്പോലുള്ളൊരു പ്രസ്ഥാനത്തെ വാർത്തെടുക്കുക ശ്രമസാധ്യമായൊരു കാര്യമായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. നിരീശ്വര നിർമത പ്രസ്ഥാനങ്ങളിൽ പെട്ട് കറങ്ങിക്കൊണ്ടിരുന്ന പരസഹസ്രം മുസ്‌ലിം യുവാക്കൾ ഹാജിസാഹിബിന്റെ അവിരാമമായ പരിശ്രമങ്ങളുടെ സദ്ഫലങ്ങളനുഭവിച്ചു. അവർ ആ ത്യാഗിവര്യനെ നന്ദിപൂർവം സ്മരിക്കുകയാണിപ്പോഴും.

ആദ്യം മുതലേ വളരെ സൂക്ഷ്മതയോടുകൂടിയാണ് പ്രസ്ഥാനത്തെ കേരളത്തിൽ പ്രചരിപ്പിച്ചു തുടങ്ങിയത്. ജമാഅത്ത് പ്രവർത്തനങ്ങളിലേക്കുള്ള ഒരു ചവിട്ടുപടിയെന്നോണം സ്മര്യപുരുഷൻ ആദ്യമായി *ജംഇയ്യത്തുൽ മുസ്തർശിദീൻ* എന്ന പേരിൽ വളാഞ്ചേരിയിൽ ഒരു സംഘടനയുണ്ടാക്കി. ആ സംഘടനയിലെ അംഗങ്ങളെ പാകപ്പെടുത്തി ജമാഅത്തെ ഇസ്‌ലാമിയിലേക്ക് കൊണ്ടുവന്നു.

1948 അവസാനത്തിലാണ് ഞാനാദ്യമായി ഹാജിസാഹിബിനെ കണ്ടത്. ജമാഅത്തിനെ കൂടുതൽ പരിചയപ്പെടാൻ വേണ്ടി ഞാൻ വളാഞ്ചേരിയിലെ ജമാഅത്ത് ഓഫീസിൽ ചെന്നതായിരുന്നു. മർഹൂം കെ.സി അബ്ദുല്ലാ മൗലവി സാഹിബ് അന്ന് ഹാജി സാഹിബിന്റെ വലംകൈയായി പ്രവർത്തിച്ചുകൊണ്ട് അവിടെ താമസിക്കുന്നുണ്ടായിരുന്നു. ഹാജിസാഹിബ് പുഞ്ചിരിതൂകിക്കൊണ്ടെഴുന്നേറ്റ് എന്റെ കൈപിടിച്ചു കുലുക്കി. ഹാജി സാഹിബിന്റെ നിഷ്കളങ്കമായ പെരുമാറ്റം എന്നെ ഹഠാദാകർഷിച്ചു. ഇസ്‌ലാമിക സാഹോദര്യത്തിന്റെ സമുന്നത മാതൃക ഞാനവിടെ ദർശിച്ചു. വളരെ വിനീതഭാവത്തിലാണ് ഹാജിസാഹിബ് എന്നോട് പെരുമാറിയിരുന്നതെങ്കിലും സമുൽക്കൃഷ്ടമായ നേതൃത്വത്തിന് ചേർന്ന വ്യക്തിപ്രഭാവം അദ്ദേഹത്തിൽ വ്യതിരിക്തമായി കാണാമായിരുന്നു.

മതപരവും രാഷ്ട്രീയവും തത്വശാസ്ത്രപരവുമായ പല പ്രശ്നങ്ങളെ കുറിച്ചും ഞാൻ ആ പണ്ഡിതകേസരിയുമായി ചർച്ച ചെയ്തു. എന്റെ ചോദ്യങ്ങൾക്കുള്ള മറുപടി കാലേക്കൂട്ടി പഠിച്ചു പറയുകയാണോ എന്ന് തോന്നിപ്പോയി. ചോദിക്കേണ്ട താമസം മറുപടി വന്നു കഴിഞ്ഞു. യുക്തിയും പ്രമാണവും ഉദാഹരണങ്ങളുമെല്ലാം അതിലുണ്ടാകും. ചോദ്യങ്ങൾക്ക് മറുപടി പറയുന്നതിൽ ഹാജിസാഹിബിന്നുള്ള കഴിവ് ഒന്ന് വേറെത്തന്നെയാണ്. പര്യടനവേളകളിൽ തുളഞ്ഞ ചോദ്യമുനകളുമായി വരുന്ന വലിയ വമ്പന്മാർ ഹാജിസാഹിബിന്റെ മറുപടിക്ക് മുമ്പിൽ കൊമ്പുകുത്തിയ രസാവഹങ്ങളായ കഥകൾ പലതുമുണ്ട്. വിവിധങ്ങളായ കഴിവുകൾ ഒന്നിച്ചു ചേർന്ന പ്രഗത്ഭമതികളുടെ കൂട്ടത്തിലായിരുന്നു സ്മര്യപുരുഷൻ.

### നേതാവ്

ആദ്യമായും അവസാനമായും ഒരു നേതാവായിരുന്നു ഹാജിസാഹിബ്. അനുയായികളുടെ പരിതഃസ്ഥിതികളും യോഗ്യതാ വിശേഷങ്ങളും മനസ്സിലാക്കി മാർഗനിർദേശം നൽകുന്നതിനുള്ള സാമർഥ്യം വളരെ പ്രകടമായിരുന്നു. അനുയായികളുടെ കഴിവുകൾ പരിഗണിച്ച് അവരവർക്കനുയോജ്യമായ കാര്യങ്ങൾ ഏൽപിച്ചുകൊടുക്കുക, വിഷമഘട്ടങ്ങളിൽ ധൈര്യമവലംബിച്ച് മുന്നോട്ട് നീങ്ങാൻ പ്രേരണ നൽകുക, അവരെ അനാവശ്യമായ കാര്യങ്ങളിൽ കെട്ടിപ്പിണയാനനുവദിക്കാതെ ഫലപ്രദവും സൃഷ്ടിപരവുമായ വശത്തേക്ക് തിരിച്ചുവിടുക തുടങ്ങി ഒരു നേതാവ് നിർവഹിക്കേണ്ട കാര്യങ്ങൾ ഹാജിസാഹിബ് ഭംഗിയായി നിർവഹിച്ചിരുന്നു. ആഭ്യന്തരരംഗത്ത് തുറന്ന വിമർശനങ്ങൾക്കും നിരൂപണങ്ങൾക്കും അഭിപ്രായപ്രകടനങ്ങൾക്കും പൂർണസ്വാതന്ത്ര്യമുള്ള ജമാഅത്തെ ഇസ്‌ലാമിയെ പോലുള്ളൊരു സംഘടനക്ക് നേതൃത്വം നൽകാൻ അസാധാരണമായ കഴിവും പ്രാപ്തിയും ആവശ്യമാണ്. ഹാജി സാഹിബ് ആ സംഘടനയെ ആരോഗ്യകരമായി നിയന്ത്രിച്ചുപോന്നു. ജമാഅത്ത് പ്രവർത്തനം ആരംഭിച്ചത് മുതലേ അദ്ദേഹമായിരുന്നു കേരളശാഖയുടെ ഖയ്യിം. ആ തസ്തികയുടെ പേർ *അമീർ* എന്നാക്കി മാറ്റിയത് മുതൽ അദ്ദേഹം കേരളശാഖയുടെ അമീറായിരുന്നു. ജമാഅത്തു

മായി അനുകൂലബന്ധമുള്ളവരുടെ കണ്ണിലുണ്ണിയായിരുന്നു ഹാജി സാഹിബ്. സഹപ്രവർത്തകരുടെയും അനുയായികളുടെയും സ്നേഹാദരങ്ങൾക്ക് ഇത്രയധികം പാത്രമായ ഒരു നേതാവിനെ അപൂർവമായേ കാണുകയുള്ളൂ. ജമാഅത്ത് ബന്ധുക്കളിൽ സാമ്പത്തിക ശേഷിയില്ലാത്തവർക്ക് താങ്ങും തണലുമായിരുന്നു അദ്ദേഹം. ക്ഷേമാന്വേഷണങ്ങൾ നടത്തി അവരുടെ അവശതകൾ പരിഹരിക്കുന്നതിൽ സദാ ശ്രദ്ധിച്ചുകൊണ്ടിരുന്നു. എന്തിനുമേതിനും ഹാജിസാഹിബുണ്ടല്ലോ എന്നൊരാശ്വാസം ജമാഅത്തു കാർക്കുണ്ടായിരുന്നു. എന്തെങ്കിലുമൊന്ന് ചോദിച്ചറിയണമെങ്കിൽ, ഏതെങ്കിലുമൊരു പ്രശ്നത്തിന് യുക്തവും തൃപ്തികരവുമായ തീരുമാനം ലഭിക്കണമെങ്കിൽ ഹാജി സാഹിബിന്റെ സാന്നിധ്യം അവർക്കാവശ്യമായിരുന്നു.

പാണ്ഡിത്യവും ചിന്താശീലവും രണ്ട് അനുഗ്രഹങ്ങളാണ്. അതു രണ്ടുംകൂടി ഒരു വ്യക്തിയിലുണ്ടായാൽ അയാൾ മഹാഭാഗ്യവാനായി. ഹാജിസാഹിബിൽ അത് രണ്ടും സമ്മേളിച്ചിരുന്നു. നവംനവങ്ങളായ പ്രശ്നങ്ങളുത്ഭവിക്കുമ്പോൾ ഇസ്‌ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ തീരുമാനം കണ്ടെത്താനും പുതിയ സംഭവവികാസങ്ങളുടെ നേരെ ഇസ്‌ലാമിക സമീപനം കൈക്കൊള്ളാനും അവ്യക്തമായ പരിതസ്ഥിതികളിൽ പ്രസ്ഥാനത്തെ നേരായ മാർഗത്തിൽ നയിക്കാനും ഹാജിസാഹിബിനുണ്ടായിരുന്ന കഴിവ് അവാച്യമാണ്.

**പ്രസംഗകൻ**

കഴമ്പും കാതലുമില്ലാതെ വാക്കുകൾകൊണ്ട് കസർത്ത് കളിക്കുന്ന ഒരു പ്രസംഗകനായിരുന്നില്ല ഹാജിസാഹിബ്. ഗഹനങ്ങളും പഠനാർഹങ്ങളുമായ കാര്യങ്ങളേ പറയൂ. പക്ഷേ, അതുകൊണ്ട് ശ്രോതാക്കൾക്ക് യാതൊരു മുഷിപ്പും തോന്നില്ല. പ്രബലമായ പ്രമാണങ്ങളും യുക്തിന്യായങ്ങളും ആകർഷണീയമായ ഉദാഹരണങ്ങളും കോർത്തിണക്കിക്കൊണ്ടുള്ള ആ പ്രസംഗങ്ങൾ സമുജ്വലവും ചിന്തോദ്ദീപകവുമായിരുന്നു.

**എഴുത്തുകാരൻ**

കേരളീയർക്കിടയിൽ പ്രചാരം നേടിയ *പ്രബോധനം* ദ്വൈവാരികയുടെ അധിപരായിരുന്നു അദ്ദേഹം. ഒന്നാംലക്കം മുതൽ പതിനാറാം പുസ്തകം എട്ടാം ലക്കം വരെ ആ പത്രത്തിൽ സ്വന്തമായി എഴുതിയും ഉർദുവിൽനിന്നു വിവർത്തനം ചെയ്തും നൂറുകണക്കിനു ലേഖനങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഉർദുവിൽനിന്ന് അതിഗഹനങ്ങളായ പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിന് ഹാജിസാഹിബിനുണ്ടായിരുന്ന കഴിവ് അസൂയാർഹമായിരുന്നു. മലയാളത്തിൽ പ്രസിദ്ധീകൃതമായ ജമാഅത്തു സാഹിത്യങ്ങൾ ഏറിയകൂറും അദ്ദേഹം വിവർത്തനം ചെയ്തിട്ടുള്ളവയാണ്.

1952–'53 കാലത്ത് മജ്‌ലിസുന്നുഖബായെന്ന പേരിൽ ഒരു സഭ മാസാന്തം രണ്ടു ദിവസത്തെ പരിപാടിയനുസരിച്ചു ചേർന്നു പോന്നിരുന്നു. 25-ലധികം യുവ പണ്ഡിതന്മാരും പ്രവർത്തകരും സംബന്ധിച്ചിരുന്ന ആ വിദ്വൽസദസ്സിൽ ഹാജിസാഹിബ് ഇസ്‌ലാമിനെക്കുറിച്ചും ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ചും പ്രകടിപ്പിച്ചുപോന്ന അഭിപ്രായങ്ങൾ ഒരു ഇസ്‌ലാമിക പ്രസ്ഥാനത്തെ ചിന്താപരമായി നയിക്കാൻ അദ്ദേഹത്തിനുള്ള കഴിവുകളെയും, ആഴവും പരപ്പുമുള്ള പാണ്ഡിത്യത്തെയും തുറന്നുകാട്ടിയിരുന്നു.

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പുരോഗമനോന്മുഖമായ നയപരിപാടികൾക്ക് രൂപം നൽകുന്നതിൽ ഹാജിസാഹിബ് പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കേരള ജമാഅത്തെ ഇസ്‌ലാമി അമീർ എന്നതു മാത്രമായിരുന്നില്ല ഹാജിസാഹിബിന്റെ നിലപാട്. പ്രത്യുത, ജമാഅത്തിന്റെ ഒരു അഖിലേന്ത്യാ നേതാവുകൂടിയായിരുന്നു അദ്ദേഹം. കേന്ദ്ര മജ്‌ലിസ് ശൂറാ രൂപീകൃതമായത് മുതൽ അദ്ദേഹമതിലംഗമായിരുന്നു. മജ്‌ലിസെ നുമാഇന്തഗാനി(പ്രതിനിധി സഭ)ലേക്ക് അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള പ്രതിനിധിയായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

കേരളത്തിൽ ജമാഅത്തു പ്രവർത്തനമാരംഭിച്ചതു മുതൽ 1959 ഒക്ടോബർ 2 വരെയുള്ള കാലയളവിൽ ദീനുൽഇസ്‌ലാമിന്റെ അഭ്യുന്നതിക്കുവേണ്ടി ഹാജിസാഹിബ് വരിച്ച ക്ലേശങ്ങൾക്ക് കൈയും കണക്കുമില്ല. സത്യത്തിനുവേണ്ടി പ്രതിലോമ ശക്തികൾക്കെതിരിൽ ചെറുത്തുനിന്നു. ആ ധീരമുജാഹിദിന്റെ നേരെ പല വൃത്തങ്ങളും പാമരജനങ്ങളെ ഇളക്കിവിട്ടു. മരണവക്ത്രത്തിൽനിന്ന് കുതറിച്ചാടി രക്ഷപ്പെട്ടയാളാണദ്ദേഹം.

ഈമാനും തവക്കുലുമായിരുന്നു ഹാജിസാഹിബിന്റെ അവിരാമമായിരുന്ന പ്രവർത്തനങ്ങൾക്ക് ഉത്സാഹം കൂട്ടിയിരുന്നത്. നിശ്ചിത പരിപാടികൾക്കു വേണ്ടി ഓഫീസിൽനിന്നിറങ്ങുമ്പോൾ സ്വന്തത്തെ അല്ലാഹുവിങ്കൽ അർപ്പിച്ചിരിക്കുന്നുവെന്ന ആ പ്രതിജ്ഞ ആവർത്തിച്ചുപറഞ്ഞ് പ്രാർഥിക്കുന്നത് ഈയുള്ളവൻ പലപ്പോഴും കേട്ടിട്ടുണ്ട്.

വിശാലമായ ഈ ഭൂമിയിൽ ഒരു ചെറു ഗ്രാമത്തിലെങ്കിലും ശരിയായ അർഥത്തിലുള്ള ഒരു ഇസ്‌ലാമിക വ്യവസ്ഥിതി നിലവിൽവന്നു കാണാൻ ഹാജിസാഹിബിന്റെ കണ്ണുകൾ കൊതിച്ചിരുന്നു. 'അതൊന്നു വന്നു കണ്ടിട്ടു മരിച്ചാൽ മതിയായിരുന്നു.....' എന്നിങ്ങനെ ആവേശഭരിതനായി പറയുന്നത് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. ഇസ്‌ലാമിന്റെ സമഗ്രതയും പ്രായോഗികതയും ഹാജിസാഹിബ് വർണിച്ചാൽ ഏവരും മുഖത്തുനിന്ന് കണ്ണെടുക്കാതെ നോക്കിനിൽക്കുമായിരുന്നു. സാമൂഹിക-സാമ്പത്തിക-രാ

ഷ്ട്രീയവശങ്ങളിൽ ഇസ്‌ലാമിന്റെ വിധിയും വീക്ഷണവും എവിടെ വെച്ചും എങ്ങനെയും സമർപ്പിക്കാൻ യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല.

മതപരവും ലൗകികവുമായ വിജ്ഞാനങ്ങളെ ഇസ്‌ലാമികാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് അധ്യാപനം നടത്തുകവഴി ഒരു പ്രത്യേകതരം അഭ്യസ്തവിദ്യരെ സൃഷ്ടിച്ചുവിടുന്ന വിദ്യാഭ്യാസ വീക്ഷണമനുസരിച്ചു കലാലയങ്ങൾ വളർന്നുവരേണ്ടത് കാലത്തിന്റെ ഏറ്റവും വലിയൊരാവശ്യമാണെന്ന് ഹാജിസാഹിബ് മനസ്സിലാക്കിയിരുന്നു. അധുനാതനയുഗത്തിൽ ഇസ്‌ലാമിന്റെ അഭ്യുന്നതിക്കായി ഫലപ്രദമായ സേവനങ്ങൾ നിർവഹിക്കാൻ യോഗ്യരായ പ്രവർത്തകരെ വാർത്തുവിടുന്ന ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ പുരോഗതിയിൽ അദ്ദേഹം അത്യധികം താൽപര്യം കാണിച്ചിരുന്നു. അതേപ്രകാരം കുറ്റ്യാടിയിലും ചേന്ദമംഗല്ലൂരിലും ജമാഅത്തിന്റെ ഓരോ സ്ഥാപനം ഉയർന്നുവന്നപ്പോൾ ഹാജിസാഹിബ് അതീവ സന്തുഷ്ടനായിരുന്നു.

ശാന്തപുരത്തുണ്ടായിരുന്ന അൽമദ്റസത്തുൽ ഇസ്‌ലാമിയാ എന്ന സ്ഥാപനത്തെ 1955-ൽ കോളേജാക്കി ഉയർത്താനുള്ള തീരുമാനമുണ്ടായപ്പോൾ അതിന്റെ പ്രിൻസിപ്പൽ സ്ഥാനം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹാജിസാഹിബ് ഈയുള്ളവനെഴുതി. ഞാനക്കാലത്ത് കൊച്ചിയിലും പരിസരപ്രദേശങ്ങളിലും ജമാഅത്തെ ഇസ്‌ലാമിയുടെ ഒരെളിയ പ്രവർത്തകനായി കറങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. കൽപനയനുസരിച്ച് ഞാൻ എടയൂരിലെ ഓഫീസിൽ ചെന്നുകണ്ടപ്പോൾ എന്നോട് പറഞ്ഞ വാക്കുകൾ ഹൃദയത്തിലിപ്പോഴും ഉണർന്നു നിൽക്കുന്നു: 'ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ജീവനും മജ്ജയും ദീനിയ്യായ വിദ്യാഭ്യാസസ്ഥാപനങ്ങളാണ്. ഇസ്‌ലാമിനെക്കുറിച്ച് ഒരു സമഗ്ര ജീവിത പദ്ധതിയെന്ന നിലയിൽ അധ്യാപനം നടത്തിവരുന്ന കോളേജുകൾ ഉയർന്നുവരേണ്ടത് നമുക്കനിവാര്യമാണ്. അവയിൽനിന്നുള്ള നീരുറവ് വറ്റുമ്പോൾ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ കൂമ്പടഞ്ഞുപോവും. നമ്മൾ അൽപം ക്ലേശിക്കേണ്ടിവരും.'

ഇസ്‌ലാമിയാ കോളേജിന്റെ പേരിൽ താങ്ങാനാവാത്ത ക്ലേശഭാരം ചുമക്കേണ്ടിവന്ന പല സന്ദർഭങ്ങളിലും ഹാജിസാഹിബിന്റെ ഈ വാക്കുകൾ എന്റെ ഹൃദയത്തിന്നുള്ളിൽ നിന്നുയർന്നുവന്നു എന്നെ സഹായിച്ചിട്ടുണ്ട്.

**ആ വിള്ളൽ!**

അതൊരു വെള്ളിയാഴ്ചയായിരുന്നു. ശാന്തപുരം കോളേജിൽ റൂമിലിരുന്ന് ഖുത്ബ തയാറാക്കുകയാണ് ഞാൻ. ഒരു സുഹൃത്ത് ഓടിവന്നു പറഞ്ഞു: 'ഹാജിസാഹിബ് മരിച്ചുവത്രെ!' ഞാനെന്താണ് കേട്ടത്! തലക്കുള്ളിൽ ഒരു മൂളൽ. ഞാൻ തളർന്നുപോയി. എഴുന്നേറ്റു നിൽക്കുമ്പോൾ കാലുകൾ വിറക്കുകയാണ്. വിദ്യാർഥികളും അധ്യാപകരും സ്തംഭിച്ചു നിൽക്കുന്നു. കോളേജ് വിങ്ങിനിൽക്കുകയാണ്. കുറച്ചു കഴിഞ്ഞപ്പോളെനിക്കു കുറഞ്ഞൊരു ധൈര്യം കിട്ടിയതുപോലെ. ഞാൻ നേരെ വീട്ടിലേക്കു തിരിച്ചു. ഭാര്യയോടു പറഞ്ഞു: 'വലിയുപ്പാനെ നമുക്ക് അവസാനമായി ഒരു നോക്ക്......' എന്റെ നിയന്ത്രണം പൊട്ടി. അവൾ 'വലിയുപ്പ' എന്നാണ് അമ്മാവനെ വിളിക്കുക. ഞങ്ങളതിവേഗം എടയൂരിലെത്താൻ എല്ലാ ശ്രമങ്ങളും ചെയ്തു നോക്കി. എത്തിയപ്പോഴേക്ക് പ്രിയപ്പെട്ട ഹാജിസാഹിബിനെ ഈ ഭൂമിയുടെ മുകളിൽ കാണാതെയായിരുന്നു. ഹാജിസാഹിബിനു വേണ്ടി പിളർന്ന ഭൂമിയുടെ വായ കൂടിപ്പോയിരുന്നു. പക്ഷേ, ഞങ്ങളുടെ ഹൃദയത്തിന്റെ വിള്ളൽ ഇപ്പോഴും കൂടിയിട്ടില്ല.

**ശോകമൂകമായ അന്തരീക്ഷം**

എടയൂരിലെ ഓഫീസു മുതൽ ജുമുഅത്ത് പള്ളിവരെ ജനങ്ങൾ ചിതറി നിൽക്കുന്നു. ആരും അധികമൊന്നും സംസാരിക്കുന്നില്ല. കേരളത്തിന്റെ നാനാഭാഗത്തുനിന്നും വന്നു ചേർന്നവരാണ്. പരസ്പരം മുഖത്ത് നോക്കുമ്പോൾ അവരുടെ നേത്രത്തിൽനിന്നു അശ്രുക്കൾ അണപൊട്ടിയൊഴുകുകയാണ്. ജമാഅത്തുകാർ മാത്രമല്ല, ഹാജി സാഹിബിനെ പരിചയമുള്ള പലരും അക്കൂട്ടത്തിലുണ്ട്. എതിരാളികൾക്ക് പോലും ആ മഹാവ്യക്തിത്വത്തോട് വലിയ മതിപ്പും ബഹുമാനവുമായിരുന്നു. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും മനസ്സാക്ഷിയുള്ള എല്ലാ നല്ല മനുഷ്യരും ഹാജിസാഹിബിന്റെ നിര്യാണവാർത്ത കേട്ടു നടുങ്ങി. ആകാശവും ഭൂമിയും കരഞ്ഞു.

**ഒഴിവ് കിട്ടി**

ഇസ്‌ലാമിയാകോളേജിനു വേണ്ടി രണ്ടാമതായി നിർമിച്ച കെട്ടിടത്തിന് തറക്കല്ലിട്ടത് ഹാജിസാഹിബായിരുന്നു. പണിപൂർത്തിയായപ്പോൾ അത് സന്ദർശിക്കാൻ ഞാൻ ക്ഷണിച്ചു. നിര്യാണത്തിനു മുമ്പുള്ള നാലുദിവസം മുതൽ നാട്ടിന്റെ നാനാഭാഗങ്ങളിലായി ദിവസേനയെന്നോണം ക്ലാസും പ്രസംഗവും നടത്തുകയായിരുന്നു ഹാജിസാഹിബ്. തിരക്കു പിടിച്ച പര്യടനപരിപാടി. 'ഒഴിവില്ല; ഞാൻ ശനിയാഴ്ച വരാം' എന്നോട് പറഞ്ഞു. പക്ഷേ, ശനിയാഴ്ചക്കു മുമ്പായി വെള്ളിയാഴ്ച തന്നെ മഹാനായ ആ നേതാവിന് 'ഒഴിവ്' കിട്ടി. ഇസ്‌ലാമിന്റെ ആ ധർമഭടൻ എല്ലാ പരിപാടികളും 'റദ്ദ്' ചെയ്ത് കരുണാനിധിയായ അല്ലാഹുവിന്റെ കാരുണ്യത്തിൻ തണലിൽ അന്ത്യവിശ്രമം കൊള്ളാൻ പോകുകയാണുണ്ടായത്.

1959 ഒക്ടോബർ 1-ാം തീയതി കൊടിഞ്ഞിയിലൊരു തർബിയത്ത് സമ്മേളനം നിശ്ചയിച്ചിരുന്നു. തദാവശ്യാർഥം തിരൂരങ്ങാടിയിൽ ബസ്സിറങ്ങി നടന്നുപോകുമ്പോൾ വയറുസംബന്ധമായ എന്തോ രോഗം കലശലായി വഴിവക്കിൽ

തളർന്നുവീണു. കൊടിഞ്ഞിയിലെ സുഹൃത്തുക്കൾ വിവരമറിഞ്ഞോടിയെത്തി. ശേഷം തിരൂരങ്ങാടി ലോക്കൽ ഡിസ്പൻസറിയിൽ പ്രവേശിപ്പിച്ചു. സ്വൽപം ആശ്വാസം കിട്ടി. ജമാഅത്ത് ബന്ധുക്കൾ ധാരാളം തിങ്ങിക്കൂടിയിരിക്കുന്നു. തദവസരത്തിൽ സ്മര്യപുരുഷൻ കെ. മൊയ്തു മൗലവിയോട് പറയുകയാണ്: 'ഇവരെല്ലാം നമ്മുടെ ക്ലാസ്സിൽ പങ്കെടുക്കാൻ വന്നവരാണല്ലോ. അവരെ നിരാശപ്പെടുത്തുന്നത് ശരിയല്ല. അടുത്തെവിടെയെങ്കിലും സ്ഥലസൗകര്യമുണ്ടാക്കി അവർക്കൊരു ക്ലാസ് നടത്തിക്കൊടുക്കുക. എന്റെ അടുത്ത് ഒരാൾ മാത്രം മതി.'

പിന്നെ രോഗം അനുനിമിഷം മൂർഛിക്കുകയാണുണ്ടായത്. സ്ഥിതി ഗുരുതരമായതോടെ കോഴിക്കോട് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിലേക്ക് കാർമാർഗം കൊണ്ടു പോയി. അവിടെവെച്ച് ഇസ്ലാമിന്റെ ചൈതന്യം തുളുമ്പുന്ന ആ ഹൃദയത്തിന്റെ മിടിപ്പുകൾ നിലച്ചു. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ!*

കഥാവശേഷനായ നേതാവിന്റെ ത്യാഗസമ്പൂർണമായ ജീവിതം ഇസ്ലാമിക പ്രവർത്തകർക്ക് മാതൃകയാണ്. ആ മഹാനുഭാവന്റെ സുകൃതങ്ങളിവിടെ തഴച്ചു വളർന്നുകൊണ്ടേയിരിക്കും. അദ്ദേഹത്തിന്റെ പാവന സ്മരണകൾ നൂറ്റാണ്ടുകൾ കഴിഞ്ഞാലും മായാതെ ശോഭിച്ചു നിൽക്കും.